# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 6639

04.04.2018-ൽ
മറുപടിക്ക്

**രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവത്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ**<br>**ശ്രീ.കെ. ബാബു**<br>**ശ്രീ.കാരാട്ട് റസാഖ്**<br>**ശ്രീ.മുരളി പെരുനെല്ലി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | എ) 1. പൊതുജനങ്ങൾക്ക് ആധാരവിവരങ്ങൾ ഓൺലൈനായി നൽകി രജിസ്ട്രേഷൻ തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ടോക്കൺ എടുക്കുന്നതിനും, ഇ-പേയ്മെന്റ് മുഖേന ഫീസ് അടയ്ക്കുന്നതിനുമുള്ള സംവിധാനം ലഭ്യമാണ്.<br>2. ഇ-പേയ്മെന്റ് സംവിധാനം പ്രയോജനപ്പെടുത്തി ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനും, സർട്ടിഫിക്കറ്റ് ഓൺലൈനായി തന്നെ ഡൗൺലോഡ് ചെയ്യുന്നതിനും സാധിക്കുന്നതാണ്.<br>3. വിവിധ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും, ഇ-പേയ്മെന്റ് വഴി ഫീസ് അടയ്ക്കുന്നതിനും സാധിക്കുന്നതാണ്.<br>4. ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കുന്നതിനുള്ള സുതാര്യമായ സംവിധാനം<br>5. രജിസ്റ്റർ ചെയ്യേണ്ട ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ ഒടുക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി സ്വമേധയാ കണക്കാക്കുന്നതിനുള്ള സൗകര്യം<br>6. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ സെൽഫോണിൽ എസ്.എം.എസ്. ആയി ലഭ്യമാക്കുന്നതിനുള്ള സൗകര്യം |

7. പൊതുജനങ്ങൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കുന്നതിനുള്ള സൗകര്യം.

8. ആധാര രജിസ് ട്രേഷൻ സുതാര്യമാക്കുന്നതിന്റെ ഭാഗമായി മാതൃകാ ആധാരങ്ങൾ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

9. ഓൺലൈൻ സേവനങ്ങൾ സംബന്ധമായ അന്വേഷണങ്ങൾക്ക് മറുപടി നൽകുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഹെല്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**